കോടതി കേസിന്റെയും വിശദവിവരങ്ങൾ രേഖപ്പെടുത്തുക, ഹൈടെൻഷൻ/ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കുക, ഇൻസ്പെക്ഷന് അത്യാവശ്യമായ കൃത്യത ഉറപ്പുവരുത്തുന്ന ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളും ആന്റി പവർ തെഫ്റ്റ് സ്കാഡിലെ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

കടലാക്രമണങ്ങളുണ്ടാകുന്ന പ്രദേശങ്ങളുടെ സംരക്ഷണം

18 (*345) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കടലാക്രമണഭീഷണിയെക്കുറിച്ച് പഠിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പീച്ചിയിലെ ഗവേഷണ കേന്ദ്രം സംസ്ഥാന സർക്കാരിന് ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടുപ്രകാരം കൂടുതൽ കടലാക്രമണ സാദ്ധ്യതയുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനായി ഏതെങ്കിലും പ്രത്യേക സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പഠന റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷൻ കേരള കടൽതീരത്തിന് വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള കടൽഭിത്തി നിർമ്മാണം പ്രയോജനപ്രദമായി അനുഭവപ്പെട്ടിട്ടുണ്ട്. ഈ രീതിയാണ് ഇപ്പോൾ അവലംബിച്ചു വരുന്നത്. പുതിയ സംവിധാനം ഏർപ്പെടുത്താൻ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly